# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി.7/1817/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 29/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി.7/1817/2023 തീയ്യതി: 29/11/2023

## കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2023 | 26-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-10-2023 | 26-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജി.പി.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ഷാന്റി ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയശ്രീ.പി.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.യോഗേഷ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഉഷ രാജു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ലിജോ ജോബ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പോൾ ബേബി സാമുവൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| അജ്മൽ പി.എം | കൃഷി ഓഫീസർ | 01-04-2022 | 30-06-2022 |
| മഞ്ജുദേവി യു.ആർ | കൃഷി ഓഫീസർ | 01-07-2022 | 31-03-2023 |
| ഡോ. സുനിൽ വി.ബി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| സുഷ ഹരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| അംബിക ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. വിവേക് മാത്യൂ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. അന്ന ജോർജ്ജ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-05-2022 |
| ഡോ. അന്ന വിശ്വം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-06-2022 | 31-03-2023 |
| നസീമ ഇ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ധനലക്ഷ്മി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| രെവീണ രവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| കണ്ണൻ പി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| സുജാത വി.ബി | ഹെഡ്മിസ്ട്രസ്, | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഗവ.എൽ.പി.സ്കൂൾ കടനാട് | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-3 |
| 5 | ആസ്തിയിലില്ലാത്ത ബസ് സ്റ്റാന്റിന്റെ മൂല്യം ആസ്തിയായി അക്കൗണ്ട് ചെയ്തു. | 1-1-4 |
| 6 | Rent Deposit വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | റോഡിതര സംരക്ഷണ ഗ്രാന്റിന്റെ ചെലവ് പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സ്ഥിര നിക്ഷേപ നീക്കിയിരിപ്പ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-8 |
| 10 | നീക്കിയിരിപ്പില്ലാത്ത തുക ബാധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-9 |
| 11 | ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്റേഴ്സ്)നീക്കിയിരിപ്പുകളിൽ വ്യത്യാസം | 1-1-10 |
| 12 | ജലനിധി അക്കൗണ്ടിലെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-11 |
| 13 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശങ്ങളില്ല | 1-1-12 |
| 14 | Liabity In Respect Of Stale Cheque ആയി രേഖപ്പെടുത്തിയ തുകയുടെ കൃത്യത വ്യക്തമല്ല | 1-1-13 |
| 15 | ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല | 1-1-14 |
| 16 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-15 |
| 17 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-16 |
| 18 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. | 1-1-17 |
| 19 | വിവിധ വരവിനങ്ങളുടെ ഡി.സി.ബി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-18 |
| 20 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് ACR സൂക്ഷിച്ചിട്ടില്ല | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതിഅവലോകനം. | 1-5 |

| | | |
|---|---|---|
| 25 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 28 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല | 1-11 |
| 31 | തൊഴിൽ നികുതി പരിധിയിൽ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തേണ്ടതാണ് | 1-12 |
| 32 | ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-13 |
| 33 | അധികവിഭവ സമാഹരണം | 1-14 |
| 34 | ഫെസ്റ്റിവൽ അഡ്വാൻസ് - 14000 രൂപ തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നു | 1-15 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ 40 ലക്ഷം രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-16 |
| 36 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |
| 37 | മറിഞ്ഞു വീണ തേക്ക മരം വാല്യുവേഷൻ എടുത്ത് ലേലം ചെയ്തില്ല | 1-18 |
| 38 | ആസ്തി വിവരങ്ങൾ കാലികമാക്കൽ - ജി.ഐ.എസ് മാപ്പിംഗ് പൂർത്തിയാക്കിയില്ല. | 1-19 |
| 39 | കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. | 1-20 |
| 40 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - അധികം തുക നൽകി | 1-21 |
| 41 | വൃദ്ധർക്ക് കട്ടിൽ  വിതരണം - സ്റ്റോക്കിൽ വ്യത്യാസം - വിതരണം പൂർത്തിയായില്ല | 1-22 |
| 42 | കന്നുകുട്ടി പരിപാലന പദ്ധതി - അപാകതകൾ | 1-23 |
| 43 | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - തുല്യതാ പരീക്ഷയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-24 |
| 44 | അഗതിരഹിത കേരളം പദ്ധതി - അപാകതകൾ | 1-25 |
| 45 | ബാലസഭ പ്രവർത്തനങ്ങൾ- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-26 |
| 46 | മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-27 |
| 47 | ലൈഫ് ഭവനപദ്ധതിയിൽ സ്ഥലം വാങ്ങിയവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടില്ല. | 1-28 |

| | | |
|---|---|---|
| 48 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്. | 1-29 |
| 49 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എസ്.സി- വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- അധികം തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കടനാട് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30/06/2023 തീയതിയിലെ 2(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 14/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടനാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-3 പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

1-1-4 ആസ്തിയിലില്ലാത്ത ബസ് സ്റ്റാന്റിന്റെ മൂല്യം ആസ്തിയായി അക്കൗണ്ട് ചെയ്തു.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത ബസ് സ്റ്റാന്റിന്റെ മൂല്യമായി ബാലൻസ് ഷീറ്റിൽ 816677 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.

1-1-5 Rent Deposit വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നവരിൽ നിന്നും ഈടാക്കിയിട്ടുള്ള വാടക ഡെപ്പോസിറ്റ് തുകകൾ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 റോഡിതര സംരക്ഷണ ഗ്രാന്റിന്റെ ചെലവ് പൊരുത്തപ്പെടുന്നില്ല

റോഡിതര സംരക്ഷണ ഗ്രാന്റിന്റെ തൻവർഷ ചെലവ് സാംഖ്യ ACR ,വാർഷിക കണക്ക് എന്നിവ പ്രകാരം 4020197 രൂപയാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് 3741382 രൂപയാണ്.

1-1-7 സ്ഥിര നിക്ഷേപ നീക്കിയിരിപ്പ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

സ്ഥിര നിക്ഷേപ നീക്കിയിരിപ്പ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. സ്ഥിര നിക്ഷേപങ്ങൾക്ക് തൻ വർഷം ലഭിച്ച 38498 രൂപയുടെ പലിശ വാർഷികകണക്കുകളിൽ ഉൾപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂളിലെ സ്ഥിരനിക്ഷേപത്തിന്റെ നീക്കിയിരിപ്പ് മുൻ വർഷത്തെ നീക്കിയിരിപ്പായ 549965 രൂപ തന്നെയാണ്.

1-1-8 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബിയിൽ തൻ വർഷം1641964 രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.

1-1-9 നീക്കിയിരിപ്പില്ലാത്ത തുക ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു

സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ടിൽ RP 40(b) ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പില്ല. എന്നാൽ B-4 ഷെഡ്യൂളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 279121 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 295302 രൂപയും ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിട്ടുണ്ട്.

1-1-10 ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്റേഴ്സ് )നീക്കിയിരിപ്പുകളിൽ വ്യത്യാസം

ഹെൽത്ത് ഗ്രാന്റ് (വെൽനെസ്സ് സെന്റേഴ്സ് ) അക്കൗണ്ടിൽ 31.03.2023 ൽ RP 40(b) പ്രകാരം 109078 രൂപയാണ് നീക്കിയിരിപ്പുള്ളത്. എന്നാൽ ബി-4 ഷെഡ്യൂളിൽ 136893 രൂപയാണ് ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിട്ടുള്ളത്.

1-1-11 ജലനിധി അക്കൗണ്ടിലെ നീക്കിയിരിപ്പിൽ വ്യത്യാസം

ജലനിധിയുടെ 31.03.2023 ലെ നീക്കിയിരിപ്പ് RP 40(b) ,ബി-4 എന്നീ ഷെഡ്യൂളുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

1-1-12 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശങ്ങളില്ല

2022-23 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 12.69 ലക്ഷം രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല.

1-1-13 Liabity In Respect Of Stale Cheque ആയി രേഖപ്പെടുത്തിയ തുകയുടെ കൃത്യത വ്യക്തമല്ല

ബാലൻസ് ഷീറ്റ് 350800101 ശീർഷകത്തിൽ (Liabity In Respect Of Stale Cheques) രേഖപ്പെടുത്തിയിരിക്കുന്ന രൂപയുടെ കൃത്യത വ്യക്തമല്ല.

1-1-14 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

1-1-15 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ്, നോട്സ് ഓൺ അക്കൗണ്ട്സ് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

1-1-16 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-17 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

1-1-18 വിവിധ വരവിനങ്ങളുടെ ഡി.സി.ബി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

1. വാടകയിനത്തിൽ രജിസ്റ്റർ പ്രകാരം കുടിശ്ശികകളില്ല. എന്നാൽ ബി-15 ഷെഡ്യൂളിൽ തൻ വർഷ കുടിശ്ശികയിനത്തിൽ 6456 രൂപയും മുൻ കുടിശ്ശികയിനത്തിൽ 15495 രൂപയും ലഭിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.
2. വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ് രജിസ്റ്ററിൽ ഡി.സി.ബി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1-1-19 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് ACR സൂക്ഷിച്ചിട്ടില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് ACR/രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി അവശേഷിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 25.03.2022 തീയതിയിലെ 1/1 നം. തീരുമാനപ്രകാരം അംഗീകരിച്ചു. 01.03.2023 തീയതിയിലെ 4(1) നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 12280688 | 12600500 |
| വരവ് | 112165325 | 142434334 |
| ആകെ | 124446013 | 155034834 |
| ചെലവ് | 111845513 | 151153795 |
| നീക്കിയിരിപ്പ് | 12600500 | 3881039 |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ്_(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 20242611 |
| ഓഡിറ്റ് വർഷത്തെ വരവ് (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 32389479 |
| ആകെ (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 52632090 |
| ഓഡിറ്റ് വർഷത്തെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 30530296 |
| നീക്കിയിരിപ്പ്(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 22101794 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 109988160 |
| ആകെ ചെലവ് | 111660159 |
| പ്രവർത്തന നഷ്ടം | (1671999) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) പ്രകാരം കുറവു ചെയ്തത് | 55060 |
| അറ്റ പ്രവർത്തന നഷ്ടം | (1727059) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 25553 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2715712 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഈടാക്കിയത് | |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20329000 | 20329000 | 18105369 | 2223631 | 89.06 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1914000 | 1914000 | 1732203 | 181797 | 90.50 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 402000 | 402000 | 369198 | 32802 | 91.84 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5703000 | 5703000 | 5688850 | 14150 | 99.75 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4744000 | 4744000 | 3741382 | 1002618 | 78.86 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 844256 | 3022088 | 3866344 | 3406836 | 459508 | 88.11 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 1353697 | 6569981 | 7923678 | 4249753 | 3673925 | 53.63 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 1409 | 21204540 | 21205949 | 21204834 | 1115 | 99.99 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 229562 | 8472214 | 1076776 | 682721 | 394055 | 63.40 |
| TSC | 774698 | 0 | 774698 | 0 | 774698 | 0 |
| ശുചിത്വമിഷൻ ഗ്രാന്റ് | 193642 | 0 | 193642 | 0 | 193642 | 0 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1775813/-രൂപ, 184214/-രൂപ 71183/- രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 200/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 428007 | വികസനഫണ്ട് പൊതുവിഭാഗം |
| 207/23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 428007 | വികസനഫണ്ട് പൊതുവിഭാഗം |
| 199/23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന | 306600 | വികസനഫണ്ട് പൊതുവിഭാഗം |

| | | |
|---|---|---|
| തുക | | |
| 203/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 306600 | വികസനഫണ്ട് പൊതുവിഭാഗം |
| 208/23<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 306600 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1775814 | |
| 201/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 92107 | വികസനഫണ്ട് എസ്.സി.പി. |
| 210/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 92107 | വികസനഫണ്ട് എസ്.സി.പി. |
| ആകെ | 184214 | |
| 202/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ടി.എസ്.പി.) | 35591 | വികസനഫണ്ട് ടി.എസ്.പി. |
| 211/23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ടി.എസ്.പി.) | 35592 | വികസനഫണ്ട് ടി.എസ്.പി. |
| ആകെ | 71183 | |

## 1-5 പദ്ധതിഅവലോകനം.

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20.06.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 06.03.2023 ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന അംഗീകരിച്ചത് | 3(1)/ 15.12.2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 06.05.2022 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 15.05.2022 മുതൽ 29.05.2022 വരെ |
| ആസൂത്രണസമിതി യോഗം | 18.01.2022 |
| വികസനസെമിനാർ | 16.06.2022 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 06.08.2022 മുതൽ 07.08.2022 വരെ |

| | |
|---|---|
| ഭിന്നശേഷി ഗ്രാമസഭ | 23.05.2022 |
| ഊരുകൂട്ടം | 23.05.2022 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 155 | 74845440 | 122 | 46560821 | 33 | 78.70 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 1037530 | 7 | 1037530 |
| വെറ്ററിനറി സർജൻ | 8 | 3761868 | 7 | 3661868 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 8 | 2565333 | 7 | 1730695 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 352000 | 3 | 352000 |
| വി.ഇ.ഒ | 11 | 24349120 | 9 | 11356602 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2 | 5200000 | 2 | 3503637 |
| സെക്രട്ടറി | 33 | 10620777 | 26 | 7220499 |
| അസിസ്റ്റന്റ് എൻജിനീയർ | 68 | 22228702 | 46 | 13583558 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 680000 | 1 | 632000 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2600000 | 2 | 2309880 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 869658 | 6 | 627978 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ | 6 | 580452 | 6 | 544574 |
| ആകെ | 155 | 74845440 | 122 | 46560821 |

4078027 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 4078027/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|

| | | | |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 20329000 | 18105369 | 2223631 |
| വികസന ഫണ്ട് (എസ്.സി.പി) | 1914000 | 1732203 | 181797 |
| വികസന ഫണ്ട് (ടി.എസ്.പി) | 402000 | 369198 | 32802 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 5703000 | 5688850 | 14150 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4744000 | 3741382 | 1002618 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ക്യാരി ഓവർ വിഹിതം | 2565981 | 1942952 | 623029 |
| ആകെ | | | 4078027 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 40 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- നിക്ഷേപ പ്രവൃത്തികൾ- 4031830 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 4031830/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 2179685/- രൂപയുടെ വിനിയോഗ വിവരവും, അനർട്ടിൽ നിക്ഷേപിച്ച 1229400/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 622745/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം ഏജൻസികളിൽ തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം സാങ്കേതിക അനുമതി ലഭിച്ച 188 പ്രോജക്ടുകളിൽ 100 എണ്ണവും തൻവർഷം നടപ്പിലാക്കി. 44417 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 716 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കയ്യാല നിർമ്മാണം, കൃഷിക്ക് നിലം ഒരുക്കൽ, വൃക്ഷത്തൈ നടീൽ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്,അസോള,സോക്ക്പിറ്റ്, കംപോസ്റ്റ് പിറ്റ് എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ.MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 1409 |

| | | |
|---|---|---|
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 21203415 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ) | 1125 |
| ആകെ | | 21205949 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 13826576 |
| | വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം | 1489204 |
| | സാധന വില, വാടക | 4649549 |
| | ഭരണ ചെലവുകൾ,ബാങ്ക് ചാർജ് | 1239505 |
| ആകെ ചെലവ് | | 21204834 |
| | നീക്കിയിരിപ്പ് | 1115 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 9240 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 2921000 | 282 |
| വിധവാ പെൻഷൻ | 5157200 | 240 |
| വാർദ്ധക്യകാല പെൻഷൻ | 19794300 | 1905 |
| വികലാംഗ പെൻഷൻ | 2545200 | 496 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 507200 | 45 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2023 തീയതിയിൽ 3 പി എം-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1150/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം 1.4.2022 മുതൽ ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.07.22 | 2022 മാർച്ച് | PA.2-697/22 /22.11.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/06/2006 | 2005-06 വരെ | LBA(HQ)8A/1000/415 തീയതി 21/07/2006 |

## 1-11 വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം 250 ച. മീറ്ററിൽ കൂടുതലാണെങ്കിൽ അത്തരം കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിന്മേൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന 250 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾ വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഓരോ അസ്സസ്മെന്റും 250 ച.മീറ്ററിൽ താഴെയാവുകയും തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടാതെ വരികയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു. സഞ്ചയയിൽ നിന്നും ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പ്രകാരം ടി കെട്ടിടത്തിലെ എല്ലാ അസ്സസ്മെന്റുകളിലും കെട്ടിടത്തിന്റെ തറയുടെ തരം 'മേൽത്തരം തറ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| വാർഡ്നം/കെട്ടിട നം./ഉടമ | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടത് | നികുതി നഷ്ടം |
|---|---|---|---|---|
| 12/127 (A),127(B), 127(C)ഷോബി സെബാസ്റ്റ്യൻ കോഴിക്കോട്ട്, കാവുകണ്ടം,കടനാട് | 86.1+86.1+123.9= 296.1 | അടിസ്ഥാന നികുതി - 17,766, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്(20%) – 3553.2 ആകെ - 21,319/- | അടിസ്ഥാന നികുതി - 17,766 റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് (20%) -3553.2 തറനിർമ്മിതി അടിസ്ഥാനത്തിൽ വർദ്ധനവ് (15%) – 2664.9 ആകെ – 23984/- | 2665/- (23984-21319) |
| 14/170(b),/170(c), /170(d),//170(e) 170(f),/170(g), /170(h) പ്രമോദ്.പി, ഒട്ടുവഴിക്കൽ, കടനാട് | 44.71+45.69+45.44+ 45.44+47.63+ 10.625+13.92 =253.455 | അടിസ്ഥാന നികുതി - 20276.4 റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്(20%) – 4055.2 ആകെ - 24331/- | അടിസ്ഥാന നികുതി - 20,276 റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്(20%) -4055.2 തറനിർമ്മിതി അടിസ്ഥാനത്തിൽ | 3041/- (27373-24331) |

| | | | | |
|---|---|---|---|---|
| | | | വർദ്ധനവ് (15%) – 3041.4<br>ആകെ – 27372/- | |
| | | | ആകെ | 5706/- |

മേൽ കെട്ടിടങ്ങൾക്ക് മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് കണക്കാക്കാതിരുന്നതിനാൽ 5706/- രൂപ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.25/26.10.2023) നൽകിയതിന് വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ ഓരോന്നിനും 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം വരുന്നില്ല എന്നതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് സഞ്ചയ ഡേറ്റാബേസിൽ നേരിട്ട് ഉൾപ്പെടുന്നില്ല എന്നാണ് മറുപടി നൽകിയത്. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. 15% നികുതി വർദ്ധന ഉൾപ്പെടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പരിധിയിൽ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | എം.ജി.ഒ ഫാംസ് | 10 |
| 2 | ഹെറോകാസ്റ്റ് ഇലക്ട്രോഡ്സ് | 6 |
| 3 | ന്യൂ ഫ്ലേവേഴ്സ് കാറ്ററിംഗ് &ഇവന്റ്സ് | 5 |
| 4 | ഗോൾഡൻഗയാൽ ഫുഡ് ടെക് പ്രൈവറ്റ് ലിമിറ്റഡ് | 4 |
| 5 | മാതാ സോളിഡ് ബ്രിക്സ് | 5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/25.10.23) ടി സ്ഥാപനങ്ങൾക്ക് പരിശോധന നടത്തിയ ശേഷം നോട്ടീസ് നൽകി അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഓൺലൈൻ രസീത് വരവുകൾ-IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 67396834685 എന്ന എസ്.ബി.ഐ. കറണ്ട് അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്.

ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതായി പരിശോധനയിൽ കാണുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിനുള്ള ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലിയേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 67138/-(cheque Deposited But Not Cleared) രൂപ ലഭിക്കുവാനുണ്ട്. ഇതിൽ 2022 ഡിസംബർ മാസം മുതലുള്ള തുകകൾ ഉൾപ്പെടുന്നു. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്ന പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 18/21.10.23) ടി വിഷയം ഓഡിറ്റ് വിഭാഗത്തിന്റെ നിരീക്ഷണമായി IKM നെ അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് വകുപ്പ് തലത്തിൽ IKM മായി ബന്ധപ്പെട്ട് യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-14 അധികവിഭവ സമാഹരണം

1. കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. കടനാട് ഗ്രാമപഞ്ചായത്തിലെ നികുതി പിരിവിനായി ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പിരിവ് പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പിരിവിൽ കാര്യമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.
2. സ.ഉ.(കൈ) 77/2023/തസ്വഭവ തീയതി 22.3.2023 പ്രകാരം 01.04.2023 പ്രാബല്യത്തിൽ കടനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തുനികുതി പരിഷ്ക്കരിക്കുന്നതിന് പുതുക്കിയ വസ്തുനികുതി നിരക്കുകൾ 29.07.2023 ലെ 3/1 നമ്പർ ഭരണസമിതി തീരുമാനം പ്രകാരം അന്തിമമായി അംഗീകരിക്കുകയും നികുതി ഈടാക്കി തുടങ്ങുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ റോഡ് മാപ്പ് പരിഷ്ക്കരണ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.
3. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദേശങ്ങൾ അവതരിപ്പിക്കുന്നതിലും ആയത് നടപ്പിലാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കാര്യമായി ഇടപെടൽ നടത്തിയിട്ടില്ലെന്നു കമ്മിറ്റി മിനിറ്റ്സ് പരിശോധനയിൽ ബോധ്യപ്പെട്ടു.
4. തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ് ഫീസ്, വാടക എന്നിവ പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നുണ്ട്. തൻവർഷ വാടക പൂർണ്ണമായും പിരിച്ചെടുത്തു. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഏകദേശം പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ വാർഷികകണക്കുകൾ പ്രകാരം കുടിശ്ശികയുൾപ്പെടെ 405198/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.
5. ഗ്രാമപഞ്ചായത്തിന്റെ ഓൺലൈൻ പേമെന്റിനായുള്ള ബാങ്ക് അക്കൗണ്ടിൽ നിലവിൽ 30 ലക്ഷം രൂപയോളം ബാലൻസ് ഉണ്ട്. ആയത് പലിശ രഹിത കറന്റ് അക്കൗണ്ടാണ്. കറന്റ് അക്കൗണ്ടുകളിൽ അധികം തുക നീക്കിയിരിപ്പ് വരാതെ നിശ്ചിത കാലയളവിൽ തുകകൾ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ ഓരോ സാമ്പത്തികവർഷാവസാനത്തിലും തനത് ഫണ്ട് അക്കൗണ്ടിലെ മിച്ചതുകയിൽനിന്ന് ഒരു നിശ്ചിത തുക (പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾ കഴിഞ്ഞുള്ളത്) സ്ഥിരനിക്ഷേപമാക്കിമാറ്റി

പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കാവുന്നതാണ്.

താരതമ്യേന തനത് വരുമാനം കുറഞ്ഞ കടനാട് ഗ്രാമപഞ്ചായത്തിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-15 ഫെസ്റ്റിവൽ അഡ്വാൻസ് - 14000 രൂപ തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നു

2022-23 വർഷത്തെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ വിവിധ ജീവനക്കാർക്ക് നൽകിയതിൽ 14000 രൂപ തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകകൾ ഏതൊക്കെ ജീവനക്കാരിൽ നിന്നും ഈടാക്കുവാനുള്ളതാണെന്നും തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/18.10.23) ഇതിൽ 12000 രൂപ 2020 സെപ്റ്റംബർ മാസം സ്ഥലം മാറിപ്പോയ സെക്രട്ടറി സനൽകുമാർ എ. യുടേതും 2000 രൂപ ഈ ഓഫീസിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്ന പി.റ്റി.എസ് കെ.പി ബാബുവിന് അഡ്വാൻസ് നൽകിയതിൽ നിന്നും തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നതാണെന്നും ടി തുകകൾ എത്രയും വേഗം ഈടാക്കി തനത് ഫണ്ടിൽ അടവ് വരുത്തുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രസ്തുത തുകകൾ കാലതാമസം കൂടാതെ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ 40 ലക്ഷം രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2022-23 വർഷത്തെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ പരിശോധിച്ചതിൽ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ വിവിധ ഏജൻസികൾക്ക് മുൻകൂറായി നൽകിയിട്ടുള്ള തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | ശീർഷകം | തുക നിക്ഷേപിച്ചിട്ടുള്ള സ്ഥാപനം | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 460500202 | കെ.എസ്.ഇ.ബി | 2179685 |
| 2 | 460500204 | ഭൂജല വകുപ്പ് | 622745 |
| 3 | 460500206 | അനർട്ട് | 1229400 |
| | ആകെ | | 4031830 |

മുൻ വർഷത്തെ ബാലൻസ് ഷീറ്റിലും ഇതേ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്.അഡ്വാൻസ് രജിസ്റ്ററിൽ മേൽ മുൻകൂറുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല ആയതിനാൽ ഇവ ഏതൊക്കെ വർഷങ്ങളിൽ ഏതെല്ലാം പ്രോജക്ടുകൾക്ക് വേണ്ടി നൽകിയിട്ടുള്ളതാണെന്നോ യഥാർത്ഥത്തിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതാണെന്നോ വ്യക്തമല്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നതിനും ക്രമീകരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/18.10.23) ഇതിൽ 749890 രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടുള്ളതാണെന്നും ബാക്കി വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതിന് അതാത് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. എല്ലാത്തരം അക്രഡിറ്റഡ് ഏജൻസികൾ മുഖേനയും നടത്തുന്ന നിക്ഷേപ പ്രവൃത്തികൾക്കായി പ്രദേശിക

സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് വർഷം തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണെന്നും പ്രോജക്ട് പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ പ്രാദേശിക സർക്കാരുകൾ സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും 09/03/2023 ലെ സ.ഉ.(കൈ) നം.38/2023/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഡെപ്പോസിറ്റ് ചെയ്ത വലിയ തുകകൾ നിർവ്വഹണ ഏജൻസികളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പ്രസ്തുത ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിച്ച് തുകകൾ അടിയന്തിരമായി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-17 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ പൂർണ്ണമായും ചെലഴിക്കാതെയും തിരിച്ചടയ്ക്കാതെയും പഞ്ചായത്ത് ഫണ്ടിന് ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത ഗ്രാന്റുകളുടെ വിശദാംശങ്ങൾ അടങ്ങിയ ACR ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരമുള്ള ചുവടെ ചേർക്കുന്ന തുകകൾ ഏതൊക്കെ ആവശ്യത്തിന് ലഭിച്ചതാണെന്നും തുകകൾ പൂർണ്ണമായും ചെലവഴിക്കാതെ അവശേഷിക്കുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/18.10.23) ലഭ്യമാക്കിയ മറുപടി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക | മറുപടി |
|---|---|---|---|---|
| 1 | 320100999 | Other Liabilities | 17167 | ടി തുക പഞ്ചായത്ത് തനത് ഫണ്ടിലേക്ക് വന്ന ചില വരവുകൾ എന്ത് ആവശ്യത്തിനുള്ളതാണ് എന്ന് മനസ്സിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ടി ഹെഡ്ഡിൽ റസീപ്റ്റ് ചെയ്തതാണ്. |
| 2 | 320200305 | Grant For Drinking Water Schemes | 675538 | ടി തുക കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വന്നതാണ്. ടി തുകകൾ ചെലവഴിച്ചിട്ടുള്ളതാണ്. |
| 3 | 320300102 | Grants,Funds & Contributions For Specific Purposes -Jalanidhi | 2674721 | ടി തുക ജലനിധി പ്രോജക്ടിനായി വന്നിട്ടുള്ളതാണ്. ടി തുകകൾ ചെലവഴിച്ചിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| 4 | 320300199 | Grants,Funds & Contributions For Specific Purposes -Other Government Agencies | 1638952 | ടി തുക പല ഗവൺമെന്റ് ഏജൻസികളിൽ നിന്നായി വിവിധ ആവശ്യങ്ങൾക്ക് വന്നിട്ടുള്ളതാണ്. ടി തുകകൾ ചെലവഴിച്ചിട്ടുള്ളതാണ്. |

ടി ഹെഡ്ഡുകൾ ജേണൽ എൻട്രി നടത്തി ക്രമീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി തുകകളുടെ വിനിയോഗം ഉറപ്പാക്കി ചെലവഴിച്ചിട്ടുള്ളതാണെങ്കിൽ ബാദ്ധ്യതാ ഹെഡ്ഡിൽ നിന്നും ഒഴിവാക്കേണ്ടതും അല്ലാത്ത പക്ഷം തിരിച്ചടയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് ACR/ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

### 1-18 മറിഞ്ഞു വീണ തേക്ക മരം വാല്യുവേഷൻ എടുത്ത് ലേലം ചെയ്തില്ല

ഗ്രാമ പഞ്ചായത്തിലെ കടനാട് പി.എച്ച്.സി.യുടെ മുൻ വശത്ത് 09/04/2022 തീയതിയിൽ മറിഞ്ഞു വീണ തേക്ക മരം ജെ.സി.ബി ഉപയോഗിച്ച് നീക്കം ചെയ്തതിന്റെ ചെലവ് മെഡിക്കലോഫീസർ രേഖാമൂലം 12.04.2023-ൽ ആവശ്യപ്പെട്ട പ്രകാരം 3500/- രൂപ (വൗച്ചർ നം.2220005 തീയതി 20.05.2022) തനതുഫണ്ടിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട്. മറിഞ്ഞു വീണ തേക്ക മരം എന്തു ചെയ്തു എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/17.10.23) ന് മറുപടിയായി തേക്ക തടി നിലവിൽ പി.എച്ച്.സി. പരിസരത്ത് സൂക്ഷിച്ചിട്ടുണ്ടെന്നും വാല്യുവേഷൻ എടുത്ത് ലേലം ചെയ്യുന്നതാണെന്നും മറുപടി അറിയിച്ചിട്ടുണ്ട്. തേക്ക് തടിയുടെ വാല്യുവേഷൻ എടുത്ത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-19 ആസ്തി വിവരങ്ങൾ കാലികമാക്കൽ - ജി.ഐ.എസ് മാപ്പിംഗ് പൂർത്തിയാക്കിയില്ല.

പ്രോജക്ട് നം. 152/23
ആസ്തി വിവരങ്ങൾ കാലികമാക്കൽ- ജി.ഐ.എസ് മാപ്പിംഗ്
അടങ്കൽ - 406000 രൂപ (വികസന ഫണ്ട് )
ചെലവ് - 297373 രൂപ ( ബിൽ നം. 57/22-23/ 28.3.2023 )
നിർവ്വഹണോദ്യോഗസ്ഥൻ- ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ഗ്രാമ പഞ്ചായത്തിന്റെ പൊതു ആസ്തി വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ജി.ഐ.എസ് മാപ്പിംഗ് നടത്തി സോഫ്റ്റ്‌വെയറിലും ഹാർഡ് വെയറിലും തയ്യാറാക്കുന്നതിന് വേണ്ടി ഏറ്റെടുത്തതാണ് മേൽ പ്രോജക്ട്. പ്രോജക്ട് നടപ്പാക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്കായ വാർഡൊന്നിന് 29000 രൂപ ക്വോട്ട് ചെയ്ത "സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡവലപ്മെന്റ്, പുതുക്കാട്" എന്ന സ്ഥാപനത്തിനെയാണ് പ്രവൃത്തി നിർവ്വഹണത്തിന്റെ ചുമതല ഏൽപ്പിച്ചത്. പ്രവൃത്തി പൂർത്തിയാക്കിയതായി അറിയിച്ചുകൊണ്ട് ടി സ്ഥാപനം ബിൽ നം. 617/16.3.23 പ്രകാരം 406000 രൂപ ( 29000x14) ആവശ്യപ്പെട്ടതായി കാണുന്നു. എന്നാൽ 297373 രൂപയുടെ ബിൽ തുകയിൽ നിന്നും ആദായ നികുതി 2979 രൂപ, ക്ഷേമനിധിവിഹിതം 2979 രൂപ, ജി.എസ്.റ്റി 5958 രൂപ എന്നീ കിഴിവുകൾക്കായി ആകെ 11916 രൂപ കുറവ് ചെയ്തതിന് ശേഷം 285957 രൂപ മാത്രമാണ് ബിൽ പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു. ആസ്തി വിവരങ്ങൾ കാലികമാക്കൽ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 26/25.10.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഫീൽഡ് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടെന്നും ഡോക്യുമെന്റേഷൻ, അപ്ഡേഷൻ

എന്നിവ പൂർത്തിയാക്കാനുണ്ടെന്നും 2023-24 വർഷം ബാക്കി തുകയായ 108127 രൂപ വകയിരുത്തി 123/24 ആയി പ്രോജക്ട് ഏറ്റെടുത്ത് പ്രവൃത്തി പൂർത്തീകരിച്ച് വരുന്നു എന്നും അറിയിച്ചു. ആസ്തി വിവരങ്ങൾ കാലികമാക്കൽ- ജി.ഐ.എസ് മാപ്പിംഗ് പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 297373 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു.

2022-23 വർഷം കടനാട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി.യും തനത് ഫണ്ടിൽ (799013000000070) ക്രെഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | ചെലവഴിച്ച തുക | ബിൽ നം./തീയതി | ടാർ വീപ്പകളുടെ വില+ജി.എസ്.ടി 18% |
|---|---|---|---|
| പ്രോജക്ട് നം 92/23 മേപ്പുതുശ്ശേരി പാട്ടത്തിൽ പറമ്പ് വല്യാത്ത് റോഡ് റീ ടാറിംങ്ങും സൈഡ് കോൺക്രീറ്റിങ്ങും | 4,49,742/- (മെയിന്റനൻസ് ഗ്രാന്റ്) | ബിൽ നം. 20/22-23/ 19.01.23 | 3572+643=4215/- |
| പ്രോജക്ട് നം 95/23 മരങ്ങാട് ഏഴാച്ചേരി റോഡ് കയറ്റം കുറച്ച് ടാറിങ്ങ് പാർശ്വ ഭിത്തി നിർമ്മാണം | 1,01,013/- (മെയിന്റനൻസ് ഗ്രാന്റ്) | ബിൽ നം. 29/22-23/ 06.03.23 | 1905+343=2248/- |
| പ്രോജക്ട് നം 46/23 പാലസ് കാവുംകണ്ടം റോഡ് റീ ടാറിങ്ങ് | 6,54,875/- (മെയിന്റനൻസ് ഗ്രാന്റ്) | ബിൽ നം 33/22-23 Dt 21.03.23 | 7144+1286=8430/- |
| പ്രോജക്ട് നം 49/23 മരങ്ങാട് കല്ലകത്ത് ആറാംമൈൽ | 3,31,122/- (മെയിന്റനൻസ് ഗ്രാന്റ്) | ബിൽ നം 38/22-23 Dt 27.03.23 | 3096+557=3653/- |

| | | | |
|---|---|---|---|
| റോഡ് ടാറിങ്ങും റീ ടാറിങ്ങും | | | |
| പ്രോജക്ട് നം 170/23 മരങ്ങാട് കല്ലകത്ത് ആറാംമൈൽ റോഡ് ടാറിങ്ങും റീ ടാറിങ്ങും രണ്ടാം ഘട്ടം | 2,00,000/- (മെയിന്റനൻസ് ഗ്രാന്റ്) | ബിൽ നം 69/22-23 Dt 29.03.23 | 2143+386=2529/- |
| പ്രോജക്ട് നം 130/23 കൊല്ലപ്പള്ളി കാഞ്ഞിരമല റോഡ് റീടാറിങ്ങ് | 4,29,363/- (മെയിന്റനൻസ് ഗ്രാന്റ്) | ബിൽ നം. 5/22-23 Dt 19.08.22 | 2858+514=3372/- |
| പ്രോജക്ട് നം 42/23 മേരിലാന്റ് കേളനാനി റോഡ് പുനരുദ്ധാരണം | 2,87,096/- (മെയിന്റനൻസ് ഗ്രാന്റ്) | 23/22-23 13.2.23 | 3096+557=3653/- |
| പ്രോജക്ട് നം 37/23 കൊട്ടംപിടി ആലമറ്റം റോഡ് പുനരുദ്ധാരണം | 662646/- (മെയിന്റനൻസ് ഗ്രാന്റ്) | 24/22-23 13.2.23 | 7382+1329=8711/- |
| പ്രോജക്ട് നം 38/23 മേരിലാന്റ് തൊടിയൻ പ്ളാക്കൽ റോഡ് പുനരുദ്ധാരണം | 390243/- (മെയിന്റനൻസ് ഗ്രാന്റ്) | 22/22-23 13.2.23 | 4525+814=5339/- |
| പ്രോജക്ട് നം 45/23 കൊല്ലപ്പള്ളി കാഞ്ഞിരമല റോഡ് പുനരുദ്ധാരണം | 509025/- (മെയിന്റനൻസ് ഗ്രാന്റ്) | 26/22-23 1/03/23 | 2691+472=3163/- |
| | | ആകെ | 38412/- + ജി.എസ്.ടി |

| | | | |
|---|---|---|---|
| | | | 6901/-=45313/- |

ഇപ്രകാരം റിക്കവർ ചെയ്ത 45,313/- രൂപ അതാത് ഫണ്ടുകളിലേയ്ക്ക് തിരികെ അടവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പ് നം. 9/19.10.23 ന് മറുപടിയായി പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ച തുകകൾ അതാത ഫണ്ടുകളിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണെന്നാവശ്യപ്പെട്ട് സെക്രട്ടറിക്ക് കത്തുനൽകിയതായി നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. തുകകൾ അതാത് ഫണ്ടുകളിലേയ്ക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-21 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - അധികം തുക നൽകി

1. വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം-എസ്.സി

| | |
|---|---|
| പ്രോജക്റ്റ് നം. | 75/23 |
| ചെലവ് | 107100 |
| ബിൽ നം. | 25000 - 03/22-23/03.01.23<br>25000- 04/22-23/06.01.23<br>21441- 08/22-23/13.03.23<br>35659- 09/22-23/16.03.23 |
| ഫണ്ടിനം | എസ്.സി.പി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതിക്കായി ശ്രീ.ബിജു റ്റി.എൻ., തെങ്ങും പള്ളിൽ എന്ന ഗുണഭോക്താവിന് മേൽ ബില്ലുകൾ പ്രകാരം ആകെ 107100 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ചെയ്ത പ്രവൃത്തിമൂല്യം 90754.81 രൂപയാണ്. ഇതോട് കൂടി 18% ജി.എസ്.റ്റി തുക 16335.87 രൂപ കൂടി ചേർത്ത് ആകെ മൂല്യം 107090 എന്ന് കണക്കാക്കുകയും അതോടൊപ്പം '10' രൂപ കൂടി ചേർത്ത് 107100 രൂപ ഗുണഭോക്താവിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജി.എസ്.റ്റി രജിസ്ട്രേഷൻ ഇല്ലാത്ത ഗുണഭോക്താവിന് ചെയ്ത പ്രവൃത്തി മൂല്യത്തോടൊപ്പം 18% ജി.എസ്.റ്റി. കൂട്ടി മൂല്യം നിർണ്ണയിച്ചത് ശരിയായ നടപടിയല്ല. ശ്രീ.ബിജു.റ്റി.എൻ-ന് അർഹമായ ധനസഹായം 90755 രൂപ മാത്രമാണ്. ഇപ്രകാരം 16345 രൂപ ഗുണഭോക്താവിന് അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16(1)/21.10.23) മറുപടി ലഭ്യമാക്കിയില്ല.

2.വിദ്യാർത്ഥികൾക്ക് പഠനമുറി - എസ്.സി.പി (സ്പിൽ ഓവർ)

പ്രസ്തുത സ്പിൽ ഓവർ പദ്ധതിക്കായി ശ്രീ.ഷാജി.സി.കെ, ചീരാടിയിൽ എന്ന ഗുണഭോക്താവിന് തൻ വർഷം എസ്.സി.പി ഫണ്ടിൽ നിന്നും നൽകിയ 30000 രൂപ (ബിൽ നം.01/22-23/16.09.23) ഉൾപ്പെടെ ആകെ 116250 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ചെയ്ത പ്രവൃത്തിമൂല്യം 107042.68 രൂപയാണ്. ഇതോടു കൂടി 12% ജി.എസ്.റ്റി തുക 12845.12 രൂപ കൂടി ചേർത്ത് ആകെ മൂല്യം 119887.81 എന്ന് കണക്കാക്കുകയും 116250 രൂപ ഗുണഭോക്താവിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജി.എസ്.റ്റി രജിസ്ട്രേഷൻ ഇല്ലാത്ത ഗുണഭോക്താവിന് ചെയ്ത പ്രവൃത്തിമൂല്യത്തോടൊപ്പം 12% ജി.എസ്.റ്റി. കൂട്ടി മൂല്യം നിർണ്ണയിച്ചത് ശരിയായ നടപടിയല്ല. ശ്രീ.ഷാജി.സി.കെ.യ്ക്ക് അർഹമായ ധനസഹായം 107042 രൂപ മാത്രമാണ്. ഇപ്രകാരം 9208

(116250-107042) രൂപ ഗുണഭോക്താവിന് അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16(2)/21.10.23) മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത സാഹചര്യത്തിൽ മേൽ പ്രോജക്റ്റുകൾക്ക് അധികമായി നൽകിയ 25553 (16345+9208) രൂപയുടെ ചെലവ് നിരാകരിക്കുന്നു. 25553 തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 വൃദ്ധർക്ക് കട്ടിൽ വിതരണം - സ്റ്റോക്കിൽ വ്യത്യാസം - വിതരണം പൂർത്തിയായില്ല

| | |
|---|---|
| പ്രോജക്ട് നം. | 74/23 |
| ചെലവ് | 307493 |
| ബിൽ നം. | 11/22-23/28.03.23 |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്ടിനായി KADCO യിൽ നിന്നും തടി കൊണ്ട് നിർമ്മിച്ച 75 കട്ടിലുകൾ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിതരണ രജിസ്റ്ററിൽ 72 ഗുണഭോക്താക്കൾ കട്ടിലുകൾ കൈപ്പറ്റിയതായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ മിച്ചമുള്ള കട്ടിലുകൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലത്ത് നേരിട്ട് പരിശോധന നടത്തിയതിൽ 2 കട്ടിലുകൾ മാത്രമേ നൽകാതെ അവശേഷിക്കുന്നതായി കാണുന്നുള്ളൂ. പ്രസ്തുത കട്ടിലുകൾ ഉപയോഗിക്കാതെ അശ്രദ്ധമായി സൂക്ഷിച്ചതുമൂലം നശിച്ച് തുടങ്ങിയതായും കണ്ടു. മേൽ സാഹചര്യത്തിൽ സ്റ്റോക്കിലുള്ള വ്യത്യാസത്തിനും കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/21.10.23) മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന കട്ടിലുകളുടെ സ്റ്റോക്കിൽ കുറവ് വന്നതും കട്ടിലുകൾ ഗുണഭോക്താക്കൾ കൈപ്പറ്റാതെ നശിക്കുന്ന സാഹചര്യം സംജാതമായതും ഗുരുതരമായി കൃത്യവിലോപമാണ്. വിതരണം ചെയ്യാത്ത 3 കട്ടിലുകളുടെ വിലയായ 12300 (4100x3) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയതിനാൽ അടിയന്തിരമായി കട്ടിൽ വിതരണം പൂർത്തിയാക്കേണ്ടതും ബാലൻസ് സ്റ്റോക്കിലെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-23 കന്നുകുട്ടി പരിപാലന പദ്ധതി - അപാകതകൾ

പ്രോജക്ട് നം. 187/23
അടങ്കൽ- 1250000 രൂപ ( വികസന ഫണ്ട്- 625000 + ഗുണഭോക്തൃ വിഹിതം- 625000 )
ചെലവ് - 625000 രൂപ, വികസന ഫണ്ട് ( ബിൽ നം. 8/22-23/ 16.02.23)
നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ.

കടനാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പദ്ധതി. പദ്ധതി നടത്തിപ്പിനായി 50 കിടാരികൾക്കുള്ള പഞ്ചായത്ത് വിഹിതം 625000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ പേരിൽ കോട്ടയം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

ശ്രീമതി ഡോളി അഗസ്റ്റിൻ, വഞ്ചിക്കച്ചാലിൽ എന്ന ഗുണഭോക്താവ് 3/23 മതൽ 6/23 വരെ കാലിത്തീറ്റ കൈപ്പറ്റിയതായി കാണുന്നു. അതിനുശേഷം 21.7.23 ൽ കിടാരി ചത്തുപോയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താവിന് ഇൻഷുറൻസിന്റെ ആനുകൂല്യം ലഭിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും സബ്സിഡി ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരവും

ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 11/20.10.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കർഷകന് ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് ഡെത്ത് ഇന്റിമേഷൻ നൽകുകയും ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ കർഷകന് ചെയ്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ടി കിടാരിക്ക് 3912 രൂപ സബ്സിഡി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിച്ചു. ടി കർഷകന് വേണ്ടി നൽകിയ പഞ്ചായത്ത് വിഹിതമായ 12500 രൂപയിൽ ബാക്കി നിൽക്കുന്ന 8588 (12500- 3912) രൂപ അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കർഷകന് ഇൻഷ്വറൻസ് ക്ലെയിം ലഭിച്ചതിന്റെ വിവരവും അറിയിക്കേണ്ടതാണ്. കൂടാതെ പ്രോജക്ടിന്റെ പൂർത്തീകരണ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - തുല്യതാ പരീക്ഷയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. പേര് | 63/23, തുടർ സാക്ഷരതയും തുല്യതാ പരീക്ഷ സഹായങ്ങളും |
| ചെലവ് | 27950 |
| ബിൽ നം. | 15000 -07/22-23/09.01.23<br>12950- 09/22-23/19.01.23 |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |

മേൽ പ്രോജക്ട് പ്രകാരം 6 പേർക്ക് ഹയർസെക്കന്ററി തുല്യതാ കോഴ്സിനും 7 പേർക്ക് പത്താംക്ലാസ് തുല്യതാ കോഴ്സിനുമായി ആകെ 27950/-രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്. പരിശീലനം നേടിയവർ കോഴ്സ് പൂർത്തീകരിച്ച് പരീക്ഷയിൽ പങ്കെടുക്കുകയും തുല്യതാ സർട്ടിഫിക്കറ്റ് നേടുകയും ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/19.10.23) പഠിതാക്കൾ പരിശീലനത്തിൽ പങ്കെടുത്തിരുന്നുവെങ്കിലും സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. പഠിതാക്കൾ പരിശീലനം പൂർത്തിയാക്കി പരീക്ഷയിൽ പങ്കെടുത്തതിന്റേയും തുല്യതാ സർട്ടിഫിക്കറ്റ് നേടിയതിന്റേയും വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. 27950/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 അഗതിരഹിത കേരളം പദ്ധതി - അപാകതകൾ

അഗതിരഹിത കേരളം പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യാഗസ്ഥനായി പ്രോജക്ട് നം. 73/23 പ്രകാരം വികസന ഫണ്ടിൽ നിന്നും തൻ വർഷം 100000 രൂപ സിഡിഎസ് അക്കൗണ്ടിലേക്ക് കൈമാറി നൽകിയിരുന്നു (ബിൽ നം.02/22-23/04.11.22). 30 ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിന് ഇതിൽ നിന്നും 90000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ശ്രീമതി സരോജിനി, തുങ്ങ് പാലയ്ക്കൽ, മേരിലാന്റ് എന്ന ഗുണഭോക്താവ് നാളിതുവരെ വാട്ടർ ടാങ്ക് കൈപ്പറ്റിയിട്ടില്ല.

2. സി.ഡി.എസ് അക്കൗണ്ടന്റ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം പ്ലാൻ ഫണ്ടിനത്തിൽ കൈമാറിയിട്ടുള്ള തുകകളിൽ 2022-23 വർഷം നൽകിയതിൽ ബാക്കിയുള്ള 10000 രൂപയുൾപ്പെടെ ആകെ 102430 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/21.10.23) മറുപടി ലഭ്യമാക്കിയില്ല. ടാങ്ക് വിതരണം പൂർത്തിയാക്കി മറുപടി ലഭ്യമാക്കേണ്ടതും

സി.ഡി.എസ് അക്കൗണ്ടിൽ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് തുക പൂർണ്ണമായും ചെലവഴിക്കേണ്ടതുമാണ്.

1-26 ബാലസഭ പ്രവർത്തനങ്ങൾ- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ച

| | |
|---|---|
| പ്രോജക്റ്റ് നം. | 157/23 |
| ചെലവ് | 74402<br>വികസനഫണ്ട് (ജനറൽ)-44402<br>തനത് ഫണ്ട്- 30000 |
| ബിൽ നം. | 17520-05/22-23/14.02.23<br>10000- 06/22-23/14.02.23<br>16882- 07/22-23/14.02.23<br>30000-19155/16.02.23 (ചെക്ക് നം.) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിൽ തൻവർഷം ബാലസഭ പ്രവർത്തനങ്ങൾക്ക് മേൽ ബില്ലുകൾ പ്രകാരം 74402/-രൂപ ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ എറണാകുളത്തെ വിവിധ സ്ഥലങ്ങളിൽ ബാലസഭാ കുട്ടികളെ പഠനയാത്രയ്ക്ക് കൊണ്ടുപോകുന്നതിനാണ് പ്രസ്തുത ചെലവ് നടത്തിയിട്ടുള്ളത്. 28.05.22 ലെ സ.ഉ.(കൈ)നം-115/2022/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.7.10 (I) ൽ ബാലസഭാ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് 1000/-വീതം ചെലവഴിക്കാവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. 14 വാർഡുകളുള്ള കടനാട് പഞ്ചായത്തിൽ ഇത്തരത്തിൽ ചെലവഴിക്കാവുന്ന തുക 14000 രൂപയാണ്. കൂടാതെ പ്രസ്തുത മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 ൽ പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ളവ ഒഴികെയുള്ള ഉല്ലാസ പഠനയാത്രകൾ, മേളകൾ എന്നിവ ഒഴിവാക്കേണ്ടതാണെന്നും പരാമർശമുണ്ട്. മേൽ സാഹചര്യത്തിൽ ഇപ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ബാലസഭാ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/21.10.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 74402 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-27 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

2022-23 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെ ചേർക്കുന്ന മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല എന്ന് കാണുന്നു.

| പ്രോജക്റ്റ് നം/പേര് | ചെലവ്/ ഫണ്ടിനം | ബിൽ നം/ തീയതി | തുക നിക്ഷേപിച്ച സ്ഥാപനം | മരുന്ന് ലഭിച്ചത് | ബാക്കി തുക |
|---|---|---|---|---|---|
| 1/23 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 150000 (മെയിന്റനൻസ് ഫണ്ട് റോഡിതരം ) | 33/22-23/ 12.12.2022 | ഹോംകോ, ആലപ്പുഴ | 53903 | 96097 |

| | | | | | |
|---|---|---|---|---|---|
| 7/23 നീലൂർ ഹോമിയോ സബ്സെന്ററിന് മരുന്ന് വാങ്ങൽ | 100000 | 46/22-23/ 10.02.2023 | ഹോംകോ, ആലപ്പുഴ | 34374 | 65626 |
| ആകെ | 250000 | | | 88277 | 161723 |

ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 22/24.10.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഹോംകോയിൽ നിന്നും ഘട്ടം ഘട്ടമായിട്ടാണ് മരുന്ന് ലഭിച്ച് വരുന്നതെന്നും മുൻവർഷത്തെ തുകയ്ക്ക് അനുസരിച്ചുള്ള മരുന്ന് ഈ സാമ്പത്തിക വർഷം ലഭ്യമാക്കുന്നതാണ് എന്ന് ഹോംകോയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകി. മരുന്നുകൾ പൂർണ്ണമായും ലഭിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 161723 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 ലൈഫ് ഭവനപദ്ധതിയിൽ സ്ഥലം വാങ്ങിയവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ. നീലൂർ

കടനാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലൈഫ് ഭവന പദ്ധതി ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തി താഴെ പറയുന്ന 5 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടെങ്കിലും ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവ് | സ്ഥലം നൽകിയ ആൾ | അനുവദിച്ച ധനസഹായം | ബിൽ നം/ തീയതി |
|---|---|---|---|---|
| 1 | ബിജു കെ. ജി, കാവുങ്കൽ, കുറുമണ്ണ് | ദീപക് ജോസ്, കല്ലായ്ക്കൽ, കുറുമണ്ണ് | 200000 | 10/22-23 /13.01.23 |
| 2 | രാജി ബിജു, ഇലവുങ്കൽ, കുറുമണ്ണ് | ദീപക് ജോസ്, കല്ലായ്ക്കൽ, കുറുമണ്ണ് | 200000 | 10/22-23 /13.01.23 |
| 3 | നിഷ മോൾ, കൈതയ്ക്കൽ, നീലൂർ | ദീപക് ജോസ്, കല്ലായ്ക്കൽ, കുറുമണ്ണ് | 200000 | 14/22-23 /19.01.23 |
| 4 | ഓമന ഹരി, കളരിക്കൽ, കുറുമണ്ണ് | ദീപക് ജോസ്, കല്ലായ്ക്കൽ, കുറുമണ്ണ് | 200000 | 14/22-23 /19.01.23 |
| 5 | മേരി സജി, കുമ്പളാംപൊയ്കയിൽ, കടനാട് | മാത്യു ആന്റണി, പാറേമ്മാക്കൽ, കടനാട് | 200000 | 9/22-23 /13.01.23 |

ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാതിരുന്നതിനുള്ള

സാഹചര്യം ഓഡിറ്റിൽ വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 20/24.10.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ 2023-24 വർഷം ലൈഫ് ജനറൽ പദ്ധതിക്ക് വകയിരുത്തിയിരുന്ന പ്ലാൻ ഫണ്ട് പൂർണ്ണമായി തീർന്നതിനാലാണ് ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാൻ സാധിക്കാതെ വന്നത് എന്നും പ്രോജക്ട് റിവിഷൻ ചെയ്ത് പ്ലാൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കോ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാകുന്ന മുറയ്ക്കോ ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതാണ് എന്നും അറിയിച്ചു. ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-29 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്.

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ., നീലൂർ സർക്കിൾ

കടനാട് ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ കരാർ വെച്ച് ധനസഹായം കൈപ്പറ്റി വീട് പണി തുടങ്ങിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | റിമാർക്ക് |
|---|---|---|---|---|
| 1 | ഗോപാലൻ കെ. കെ/ജാൻസി ഗോപാലൻ, കലമലയിൽ, മേരിലാന്റ് | 40000 | 31.07.2018 | റൂഫ് വാർക്ക കഴിഞ്ഞു. ബാക്കിയുള്ള പണികൾ ചെയ്തിട്ടില്ല. |
| | | 160000 | 01.02.2019 | |
| | | 100000 | 08.03.2019 | |
| | | 60000 | 22.11.2021 | |
| | ആകെ | 360000 | | |
| 2 | ചിന്നമ്മ ദേവസ്യ, പനച്ചിക്കുന്നേൽ, മാനത്തൂർ | 40000 | 17.10.2018 | ഫയൽ ഹാജരാക്കിയില്ല. |
| | | 160000 | 27.03.2019 | |
| | | 100000 | 29.03.2019 | |
| | | 60000 | 01.02.2022 | |
| | ആകെ | 360000 | | |
| 3 | സാലി അഗസ്റ്റ്യൻ, കുമ്മേനിയിൽ, പിഴക് | 40000 | 23.12.2021 | റൂഫ് വാർക്ക കഴിഞ്ഞു. ബാക്കിയുള്ള പണികൾ ചെയ്തിട്ടില്ല. |
| | | 160000 | 03.03.2022 | |
| | | 160000 | 24.03.2022 | |
| | | 40000 | 22.09.2022 | |
| | ആകെ | 400000 | | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് അവശ്യപ്പെട്ട് നൽകിയ 19/24.10.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ആദ്യ രണ്ട് ഗുണഭോക്താക്കളുടെ പണി ഉടൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ക്രമ നമ്പർ മൂന്നിലെ ശ്രീമതി സാലി അഗസ്റ്റ്യന്റെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അറിയിച്ചു. ആദ്യ രണ്ട് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-30 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

2022-23 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം/പേര് | നിക്ഷേപിച്ച തുക | ബിൽ നം/തീയതി | തുക നിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | 6/23 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കലും മീറ്റർ സ്ഥാപിക്കലും | 1556715 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | വൗച്ചർ നം. XVFC/22-23 /P/50/ 20.03.23 | കെ.എസ്.ഇ.ബി കൊല്ലപ്പള്ളി സെക്ഷൻ |
| 2 | 183/23 കുറുമണ്ണ് കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ എടുക്കൽ | 85249 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | വൗച്ചർ നം. XVFC/22-23 /P/53/ 29.03.23 | കെ.എസ്.ഇ.ബി കൊല്ലപ്പള്ളി സെക്ഷൻ |
| 3 | 204/23 കൊട്ടംപിടിയിൽ പുതിയ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനായി തുക കൈമാറൽ | 499900 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) 100 ( തനത് ഫണ്ട് ) | വൗച്ചർ നം. XVFC/22-23 /P/56/ 29.03.23 | സംസ്ഥാന മിഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| | ആകെ | 2141964 | | |

മേൽ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 21/24.10.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് അറിയിച്ചു. പൂർത്തീകരണ വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുന്നത് വരെ 2141964 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 എസ്.സി- വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- അധികം തുക നൽകി

1. വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം-എസ്.സി

| | |
|---|---|
| പ്രോജക്ട് നം. | 75/23 |
| ചെലവ് | 107100 |
| ബിൽ നം. | 25000 - 03/22-23/03.01.23 |

| | |
|---|---|
| | 25000- 04/22-23/06.01.23<br>21441- 08/22-23/13.03.23<br>35659- 09/22-23/16.03.23 |
| ഫണ്ടിനം | എസ്.സി.പി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതിക്കായി ശ്രീ.ബിജു റ്റി.എൻ., തെങ്ങും പള്ളിൽ എന്ന ഗുണഭോക്താവിന് മേൽ ബില്ലുകൾ പ്രകാരം ആകെ 107100 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ചെയ്ത പ്രവൃത്തിമൂല്യം 90754.81 രൂപയാണ്. ഇതോട് കൂടി 18% ജി.എസ്.റ്റി തുക 16335.87 രൂപ കൂടി ചേർത്ത് ആകെ മൂല്യം 107090 എന്ന് കണക്കാക്കുകയും അതോടൊപ്പം '10' രൂപ കൂടി ചേർത്ത് 107100 രൂപ ഗുണഭോക്താവിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജി.എസ്.റ്റി രജിസ്ട്രേഷൻ ഇല്ലാത്ത ഗുണഭോക്താവിന് ചെയ്ത പ്രവൃത്തി മൂല്യത്തോടൊപ്പം 18% ജി.എസ്.റ്റി. കൂട്ടി മൂല്യം നിർണ്ണയിച്ചത് ശരിയായ നടപടിയല്ല. ശ്രീ.ബിജു.റ്റി.എൻ-ന് അർഹമായ ധനസഹായം 90755 രൂപ മാത്രമാണ്. ഇപ്രകാരം 16345 രൂപ ഗുണഭോക്താവിന് അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16(1)/21.10.23) മറുപടി ലഭ്യമാക്കിയില്ല.

2.വിദ്യാർത്ഥികൾക്ക് പഠനമുറി - എസ്.സി.പി (സ്പിൽ ഓവർ)

പ്രസ്തുത സ്പിൽ ഓവർ പദ്ധതിക്കായി ശ്രീ.ഷാജി.സി.കെ, ചീരാടിയിൽ എന്ന ഗുണഭോക്താവിന് തൻ വർഷം എസ്.സി.പി ഫണ്ടിൽ നിന്നും നൽകിയ 30000 രൂപ (ബിൽ നം.01/22-23/16.09.23) ഉൾപ്പെടെ ആകെ 116250 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ചെയ്ത പ്രവൃത്തിമൂല്യം 107042.68 രൂപയാണ്. ഇതോടു കൂടി 12% ജി.എസ്.റ്റി തുക 12845.12 രൂപ കൂടി ചേർത്ത് ആകെ മൂല്യം 119887.81 എന്ന് കണക്കാക്കുകയും 116250 രൂപ ഗുണഭോക്താവിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജി.എസ്.റ്റി രജിസ്ട്രേഷൻ ഇല്ലാത്ത ഗുണഭോക്താവിന് ചെയ്ത പ്രവൃത്തിമൂല്യത്തോടൊപ്പം 12% ജി.എസ്.റ്റി. കൂട്ടി മൂല്യം നിർണ്ണയിച്ചത് ശരിയായ നടപടിയല്ല. ശ്രീ.ഷാജി.സി.കെ.യ്ക്ക് അർഹമായ ധനസഹായം 107042 രൂപ മാത്രമാണ്. ഇപ്രകാരം 9208 (116250-107042) രൂപ ഗുണഭോക്താവിന് അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16(2)/21.10.23) മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്ക് അധികമായി നൽകിയ 25553 (16345+9208) രൂപയുടെ ചെലവ് നിരാകരിക്കുന്നു. 25553/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 30/06/2023-ലെ 2/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 12.10.2023 ലെ എ.സി.റ്റി-500/2023 നം. കത്ത് മുഖേന ഓഡിറ്റ് സമയത്തും ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 17/10/2023 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 940000 | ലൈഫ് ഭവന പദ്ധതി -ജനറൽ (34/23) | 940000 | 0 |
| | 100000 | ലൈഫ് ഭവന പദ്ധതി -ടി.എസ്.പി (60/23) | 100000 | 0 |
| | 185916 | അങ്കണവാടി പൂരക പോഷകാഹാരം (14/23) | 185916 | |
| | 160000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (15/23) | 160000 | 0 |
| | 109880 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (33/23) | 109880 | 0 |
| ആകെ | 1495796 | ജില്ല പഞ്ചായത്ത് വിഹിതം | 1495796 | 0 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 520000 | ലൈഫ് ഭവന പദ്ധതി -ജനറൽ (34/23) | 520000 | 0 |
| | 240000 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി (36/23) | 240000 | |
| | 370000 | ലൈഫ് ഭവന പദ്ധതി -ടി.എസ്.പി (60/23) | 370000 | 0 |
| | 75000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (15/23) | 75000 | 0 |
| | 100000 | പാലിയേറ്റീവ് കെയർ (12/23) | 100000 | 0 |
| ആകെ | 1305000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1305000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്.

| ക്രമ നം | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കലും | 1556715 | 0 | 1556715 |

| | | | | | |
|---|---|---|---|---|---|
| | | മീറ്റർ സ്ഥാപിക്കലും ( 06/23 ) | | | |
| 2 | കെ.എസ്.ഇ.ബി | കുറുമണ്ണ് കുടിവെള്ള പദ്ധതിക്ക് വൈദ്യുത കണക്ഷൻ എടുക്കൽ ( 183/23) | 85249 | 0 | 85249 |
| | ആകെ | | 1641964 | 0 | 1641964 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 6090126 | 0 | 1111411 | - | 4978715 |

## 4-6 സ്ഥിരനിക്ഷേപം

നിക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരമുള്ള 2022-23 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 549965 |
| തൻവർഷം നിക്ഷേപിച്ച തുക (FD പലിശ) | 38498 |
| ആകെ | 588463 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2023-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 588463 |

31.03.2023-തീയതിയിൽ പഞ്ചായത്ത് ഫണ്ടിൽ നീക്കിയിരിപ്പുള്ള 588463 രൂപ സ്ഥിരനിക്ഷേപത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു

| ബാങ്ക്/ട്രഷറി | സ്ഥിരനിക്ഷേപ അക്കൗണ്ട് നം. | തുക | 22-23 ൽ ലഭിച്ച പലിശ | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കടനാട് സർവ്വീസ് സഹകരണ ബാങ്ക് | 5946 K | 148639 | 10405 | 159044 |
| | 5947 K | 148639 | 10405 | 159044 |
| | 5948 K | 148639 | 10405 | 159044 |
| | 5949 K | 104048 | 7283 | 111331 |
| ആകെ | | 549965 | 38498 | 588463 |

സ്ഥിര നിക്ഷേപങ്ങൾക്ക് തൻ വർഷം ലഭിച്ച 38498 രൂപയുടെ പലിശ വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂളിലെ സ്ഥിരനിക്ഷേപത്തിന്റെ നീക്കിയിരിപ്പ് മുൻ വർഷത്തെ നീക്കിയിരിപ്പായ 549965 രൂപ തന്നെയാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | പ്രവർത്തനാവലോകനം-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി | 2012-13 | 2-7 പേജ് 8 | തുകയുടെ വിനിയോഗം സംബന്ധിച്ച വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവഴിച്ച 7965/- രൂപ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചെലവുകളുടെ പരിധിയിൽ വരുന്നില്ല | നിയമസഭാസമിതി (2016-19)യുടെ 29-ാമത് റിപ്പോർട്ട് ഖ.135-പ്രകൃതിദുരന്തം ഉണ്ടായപ്പോൾ ഗതാഗത തടസ്സം നീക്കുന്നതിന് ദുരിതാശ്വാസ നിധിയിൽനിന്ന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. പഞ്ചായത്ത് ഡയറക്ടർ വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണം |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-3-1, 2-3-2, 2-3-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

കടനാട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നം./ തീയതി | ഖണ്ഡിക നം. | തുക | ഉദ്യോഗസ്ഥന്റെ പേരും വിലാസവും |
|---|---|---|---|---|
| 2009-10 & 2010-11 | എൽഎഫ്.കെ.പി7/991/12 തീയതി-11/01/2013 | 3-5ബി | 17,806/- | ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ, ചെത്തിമറ്റത്തിൽ വീട്, വഞ്ചിമല പി.ഒ., കാഞ്ഞിരപ്പള്ളി-686508. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | : | 52632090 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 30530296 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 109988160 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 111660159 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 25553 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2715712 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | -- | 25553 | ശ്രീ.പോൾ ബേബി സാമുവൽ, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 297373 | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| 1-22 | 12300 | ശ്രീ.പോൾ ബേബി സാമുവൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 27950 | ശ്രീമതി സുജാത വി.ബി., ഹെഡ്മിസ്ട്രസ് |
| 1-26 | 74402 | ശ്രീ.പോൾ ബേബി സാമുവൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 161723 | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| 1-30 | 2141964 | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| ആകെ | 2715712 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പോൾ ബേബി സാമുവൽ | അസിസ്റ്റന്റ് സെക്രട്ടറി, കടനാട് ഗ്രാമപഞ്ചായത്ത് | പേഴമറ്റത്തിൽ, മേലുകാവ്മറ്റം പി.ഒ., കോട്ടയം ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന

ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 01-02 പ്ലാൻ | കെഎസ്എ.കെടിഎം.പി7/706 /03/02.02.05 | 12 |
| 2003-04 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(1)/01.08.22 | 4 |
| 2004-05 | കെഎസ്എ.കെടിഎം.പി7/അദാ.22 /18/221(8)/18/6.3.18 | 6 |
| 2005-06 | കെഎസ്എ.കെടിഎം.പി7/അദാ.22 /63(2)/01.08.22 | 2 |
| 2006-07 | കെഎസ്എ.കെടിഎം.പി7/അദാ.22 /63(2)/01.08.22 | 2 |
| 2007-08 | കെഎസ്എ.കെടിഎം.പി7/അദാ.18 /221(12)/18/06.03.18 | 9 |
| 2008-09 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(4)/22/01.08.22 | 2 |
| 2009-10&2010-11 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(5)/22/01.08.22 | 13 |
| 2011-12 &2012-13 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(6)/22/01.08.22 | 6 |
| 2013-14&2014-15 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(7)/22/01.08.22 | 12 |
| 2015-16 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(8)/22/01.08.22 | 3 |
| 2016-17 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(9)/22/01.08.22 | 1 |
| 2017-18 | കെഎസ്എ.കെടിഎം.പി7/അദാ.22 /1183(10)/22/01.08.22 | 2 |
| 2018-19 | കെഎസ്എ.കെടിഎം.പി7/63 /2022(4)/29.08.22 | 15 |
| 2019-20 | കെഎസ്എ.കെടിഎം.പി7/1590 /2021/12.09.22 | 10 |
| 2020-21 | കെഎസ്എ.കെടിഎം.പി7/1591 /21/21.11.22 | 18 |
| 2021-22 | കെഎസ്എ.കെടിഎം.പി7/457 /23/31.03.23 | 24 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ

പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 30-06-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kadanadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kadanadu Grama Panchayat for the year 2022-2023

Date: 29/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Kadanadu Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.
2. Non Disclosure of Capital Contribution-Capital contribution opening balance details, fundwise capital contribution of current year are not available .
3. General Fund Details not maintained. Source Data not available for the value of total general fund as on 31/03/2023.
4. Value of Bus stand is wrongly accounted as asset in the balance sheet.
5. Rent Deposit not included in the Annual Financial statement

6. As per RP40(b) schedule the District Panchayat/Block Panchayat share remains zero, but as per B4 schedule there is a balance of Rs.279121 as block share and Rs.295302 as District Panchayat share.

**2.Other Observations**

1. Expenditure of Maintanance grant (Non-road) differs in AFS and Sulekha statement.
2. Balance amount of Fixed Deposit not tally with AFS
3. Advance amount deposited for deposit works not included in the balance sheet.
4. Mismatch in the balance of Health grant (wellness centers) account recorded in B4 schedule and RP 40(b) schedule.
5. Mismatch in the balance of Jalanidhi account recorded in B4 schedule and RP 40(b) schedule.
6. Depreciation of 12.69 lakhs provided for assets. But calculation sheet not provided.
7. Correctness of items under Liability in respect of stale cheque cannot be ascertained.
8. Net increase or decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
9. Mandatory financial statements such as ratios, notes on account are not included in AFS.
10. Government/other dues register not maintained.
11. Advance register not properly maintained . Hence the correctness of the balances in B18 schedule can not be ascertained.
12. DCB of various receipts do not match with AFS.
13. ACR/Register for Earmarked special funds not maintained.

DEPUTY DIRECTOR
KERALA STATE AUDIT DEPT.
DISTRICT AUDIT OFFICE, KOTTAYAM

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്